ശ്രീ. എ. താണുപിള്ള : ഫ, ന@, ൦൦, ൦൦൦ രൂപ ബോണ്ടായിട്ട സഹകരണ സ്ഥാപനങ്ങളുടെ നിലയ്ക്ക് ആ തുക കൊടുക്കുന്നതിനു ഗവണ്മെന്റ് വേറെ പണം കരുതിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

ശ്രീ. ടി. കെ. ദിവാകരൻ: കടം എടുത്ത തുക എങ്ങനെ ഉപയോഗിക്കാൻ പോകുന്നുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി നേരിട്ടു ഫിക്കേഷന്റെ ഒന്നാമത്തെ പാരഗ്രാഫിൽതന്നെ പറയുന്നുണ്ട്.

"The object of the loan is mostly for financing development schemes in the five-Year plan.

ഈ ലോൺ തുകയെക്കാൾ കൂടുതൽ സംഖ്യ പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള ഡവലപ്പ്മെന്റിലേക്ക് വിനിയോഗിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കൊല്ലം കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റിനും പുറമെ എത്ര രൂപ കൂടുതൽ ഇതിനു വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും നോട്ടീസ് വേണം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇപ്പോൾ ലോൺ എടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെ ആവശ്യമുണ്ടായിരുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഓരോ ഡിസ്ട്രിക്ടിൽ നിന്നും എത്ര രൂപ വീതം പിരിഞ്ഞു കിട്ടുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡിസ്ട്രിക്ടവാറായിട്ടു കണക്കെടുത്തിട്ടില്ല. അപേക്ഷകന്മാർ ഏതു ഡിസ്ട്രിക്ടിൽ പെടുന്നവരാണെന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നിന്നു ലോണിന്റെ മൂന്നിൽ രണ്ടുഭാഗവും മറ്റു ഡിസ്ട്രിക്ടുകളിൽ നിന്നു ബാക്കി മൂന്നിലൊരു ഭാഗവും ആണ് പിരിഞ്ഞു കിട്ടിയിട്ടുള്ളതെന്നു അറിയാമോ?

Mr. Speaker : That is supplying information.

പ്ലൈവുഡ് വ്യവസായം.

* ൨. [൨] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

LIBRARY ARCHIVES Kerala Legislative Assembly

പുനലൂർ പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു് ഒരു വിദഗ്ദ്ധകമ്മിറ്റിയെ ഉടനടി ഏർപ്പെടുത്താമെന്നുള്ള ത്രികക്ഷിസമ്മേളനതീരുമാനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പുനലൂർ പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു് ഒരു വിദഗ്ദ്ധകമ്മറ്റിയെ ഏർപ്പെടുത്താമെന്നുള്ള ത്രികക്ഷിസമ്മേളന തീരുമാനം ഇതുവരെ നടപ്പിലാക്കിക്കഴിഞ്ഞിട്ടില്ല. ആ തീരുമാനമനുസരിച്ചു് ഉണ്ടാക്കുന്ന കമ്മറ്റിയിൽ ഒരു പ്ലൈവുഡ് എക്സ്പെർട്ടുകൂടി വേണമെന്നുദ്ദേശിക്കുന്നുണ്ടു്. അങ്ങനെയുള്ള എക്സ്പെർട്ടിനെ കിട്ടുന്നതിനു വേണ്ടി എഴുതുകയും നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: എക്സ്പെർട്ടിനെ എവിടെനിന്നാണു് ചെയർമാൻ ഉദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫാറസ്റ്റ് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ചെയർമാനാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഫാക്ടറികളുടെ പ്രവർത്തനത്തെപ്പറ്റി എന്തെങ്കിലും റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നോട്ടീസു കിട്ടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ ഫാക്ടറിയുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കണമെന്നു് തീരുമാനിക്കാനുണ്ടായ കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അന്വേഷിക്കണമെന്നു് സ്വതന്ത്ര ഗവണ്മെൻറിനുള്ളതായ ആഗ്രഹത്തിനും പുറമെ ത്രികക്ഷിസമ്മേളനത്തിന്റെ തീരുമാനവും അതിനു പ്രേരകമായിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ബാംബയിൽനിന്നും ഇവിടെ വന്ന കർഷിഡ്‌ലാൽ എന്ന ആൾ അതിനെപ്പറ്റി അയച്ചിട്ടുള്ള റിപ്പോർട്ടനുസരിച്ചു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇപ്പോൾതന്നെ അന്വേഷണത്തിനും റിപ്പോർട്ടിനും മറ്റുമായി ഏകദേശം 8 ലക്ഷം രൂപയോളം ചിലവു വന്നിട്ടുണ്ടെന്നറിയാമോ?

Mr. Speaker: That information will be noted and verified.

ശ്രീ. ടി. കെ. ശിവാകരൻ: ഇപ്പോൾ കമ്പനിയിൽ എക്സ് പെർട്ട് ആരെങ്കിലുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം ഗോവിന്ദമേനോൻ: ഇല്ലാണ്ടിട്ടാണല്ലോ Dehra Dun-ൽ നിന്നും ഒരു ചീഫ് മന്ത്രിയെ ക്ഷണിക്കണമെന്ന് ഗവണ്മെന്റ് ഉദ്ദേശിച്ചിരിക്കുന്നത്.

തൊഴിലില്ലായ്മ.

* 72. [72] ശ്രീ. എൻ. രാജഗോപാലൻ നായർ: തൊഴിൽ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും കൂപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി പായിന്റെ കാലടങ്ങിയ ഒരു പദ്ധതി പ്ലാനിംഗ് കമ്മീഷൻ ഈ ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങൾ വർദ്ധിച്ചുവരുന്നതിനെ നിയന്ത്രിക്കണമെന്നു പ്ലാനിംഗ് കമ്മീഷന്റെ പ്രദേശങ്ങളിൽ അടങ്ങിയിട്ടുണ്ടോ;

(സി) ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മയെപ്പറ്റി പ്രത്യേക അന്വേഷണം നടത്തുന്നതിനു ഗവണ്മെന്റ് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ട്.

(ബി) വിവേചനമില്ലാതെ വിദ്യാലയങ്ങൾ വർദ്ധിക്കുന്നതിനെ നിയന്ത്രിക്കുന്നതിനു കമ്മീഷൻ നിർദ്ദേശിക്കുന്നുണ്ട്.

(സി) ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇവിടെ വിവേചനമില്ലാതെ വിദ്യാലയങ്ങൾ വർദ്ധിച്ചുവരുന്നുവെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: ഈ സംസ്ഥാനത്തെപ്പറ്റി മാത്രമല്ല, ഇൻഡ്യയിൽ ആകപ്പാടെയുള്ള സ്ഥിതിയെപ്പറ്റിയാണ് കമ്മീഷൻ പറഞ്ഞിട്ടുള്ളത്. ആവശ്യമില്ലാതെ സ്കൂളുകൾ തുടങ്ങുന്നതിനെപ്പറ്റിയാണ് അതിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ സംസ്ഥാനത്ത് സ്കൂളുകൾ ആവശ്യമില്ലാതെ തുടങ്ങിയിട്ടുണ്ടെന്നോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നോ ഗവണ്മെന്റിന് അഭിപ്രായമുണ്ടോ?

Mr. Speaker: You are eliciting information and not opinion.

ശ്രീ. എൻ. രാജഗോപാലൻ നായർ: തൊഴിലില്ലായ്മ വർദ്ധിക്കുന്നതിന്റെ കാരണം വിദ്യാലയങ്ങൾ വർദ്ധിക്കുന്നുയെന്നാണെന്ന് ഗവണ്മെന്റിനഭിപ്രായമുണ്ടോ?

Mr. Speaker: opinions can differ.

ശ്രീ. എൻ. രാജഗോപാലൻ നായർ: തിരുവിതാംകൂർ-കൊച്ചിയിൽ എത്ര വിദ്യാലയങ്ങളുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly